**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4963** **01-11-2021 - ൽ മറുപടിയ്ക്ക്**

**നദിയോരങ്ങളിൽ കുടിയേറി പാർത്തവരുടെ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പെരിയാർ, പമ്പ തുടങ്ങിയ നദികളുടെ ഓരംചേർന്ന് പതിറ്റാണ്ടുകളായി കുടിയേറി താമസിക്കുന്ന നിർദ്ധന കുടുംബങ്ങൾക്ക് തീരദേശ പരിപാലന ചട്ടങ്ങൾ, ഹൈക്കോടതി ഉത്തരവുകൾ എന്നിവ കാരണം പട്ടയം ലഭിക്കാത്ത അവസ്ഥ അനുഭാവപൂർവം വിശകലനം ചെയ്ത് എന്തൊക്കെ പരിഹാര നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (എ) | 1964-ലെ കേരള ഭൂമി പതിവ് ചട്ടത്തിലെ ചട്ടം 11 (2) വ്യവസ്ഥകൾ പ്രകാരവും, തീരദേശ നിയമം, ഹൈക്കോടതി ഉത്തരവുകൾ എന്നിവ നിലവിലുള്ളതിനാലും നദികളുടെ ഓരം ചേർന്ന് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നിർവാഹമില്ലാത്തതാകുന്നു. മാത്രമല്ല നദികളുടെ Flood Plain ആയ ഈ പുറമ്പോക്കിൽ പട്ടയം നൽകുന്നതിലൂടെ പ്രളയ ദുരന്തത്തിന് നിരന്തരം വിധേയമാകാനുള്ള സാധ്യത നിലവിലുണ്ട്. |
| (ബി) | ഇവരുടെ വീടുകളുടെ താമസയോഗ്യമല്ലാത്ത അവസ്ഥ കണക്കിലെടുത്ത് ഇവരുടെ പുനരധിവാസം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | നിർദ്ധനരായവർക്ക് ലൈഫ് മിഷൻ പദ്ധതിയിൽ നിന്നും വീട് നൽകി വരുന്നു. |
| (സി) | എല്ലാവർക്കും ഭൂമി എന്ന സർക്കാർ നയത്തിൽ പ്രസ്തുത വിഭാഗം ജനതയ്ക്ക് മുൻഗണന നൽകാമോ? | (സി) | അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് ഭൂമി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ